**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 305** **22-02-2022 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിൽ നിലവിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (എ) | പാറശ്ശാല മണ്ഡലത്തിൽ നിലവിൽ 8 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഏതെങ്കിലും മാവേലിസ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; നിലവിൽ മണ്ഡലത്തിൽ എത്ര സൂപ്പർമാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (ബി) | പാറശ്ശാല മണ്ഡലത്തിൽ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് അനുയോജ്യമായ മാവേലി സ്റ്റോറുകൾ കണ്ടെത്തിയിട്ടില്ല. നിലവിൽ മണ്ഡലത്തിലെ ആകെ 2 സൂപ്പർ മാർക്കറ്റുകളിൽ ഒന്ന് പെരുങ്കടവിള പഞ്ചായത്തിൽ മാരായമുട്ടത്തും, മറ്റൊന്ന് ആര്യകോട് പഞ്ചായത്തിൽ ഒറ്റശേഖരമംഗലത്തും പ്രവർത്തിച്ച വരുന്നു |
| (സി) | പ്രസ്തുത മണ്ഡലത്തിൽ കൂടുതൽ സൂപ്പർമാർക്കറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) | പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് അതിന്റെ സാധ്യതകൾ സംബന്ധിച്ച് പഠനം നടത്തി, നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്തെ സപ്ലൈകോ മാവേലി സ്റ്റോറുകൾ, സൂപ്പർമാർക്കറ്റുകൾ എന്നിവ വഴി വിവിധ വിഭാഗങ്ങളിലുള്ള റേഷൻ കാർഡ് ഉടമകൾക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നുള്ള വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ? | (ഡി) | സംസ്ഥാനത്തെ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിവിധ വിഭാഗത്തിലുള്ള റേഷൻ കാർഡുടമകൾക്ക് കാറ്റഗറി വ്യത്യാസം ഇല്ലാതെ തന്നെ 13 ഇനം ഭക്ഷ്യ ധാന്യങ്ങൾ ഗവൺമെന്റ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. സബ്സിഡി സാധനങ്ങളുടെ വിലവിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. കൂടാതെ ടി സബ്സിഡി ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യ ധാന്യങ്ങൾ നോൺ മാവേലി/ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് ഉൽപ്പന്നങ്ങൾ 5% മുതൽ 30% വരെ വിലക്കുറവിലും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം I</u>**

| ക്രമ നം. | മാവേലി സ്റ്റോർ | പഞ്ചായത്ത് |
|---|---|---|
| 1 | പാറശ്ശാല | പാറശ്ശാല |
| 2 | കൊല്ലയിൽ | കൊല്ലയിൽ |
| 3 | കുറുവാട് | കുന്നത്തുകാൽ |
| 4 | കാരക്കോണം | കുന്നത്തുകാൽ |
| 5 | പൂഴനാട് | ഒറ്റശേഖരമംഗലം |
| 6 | കള്ളിക്കാട് | കള്ളിക്കാട് |
| 7 | അമ്പൂരി | അമ്പൂരി |
| 8 | വെള്ളറട | വെള്ളറട |

**അനുബന്ധം II**

| ക്രമ നം. | ഇനം | നിലവിലെ സബ്സിഡി വില (രൂപ കി.ഗ്രാമിന്) | പൊതു വിപണി വില (as per Economics and Statistics Dept of 11.02.2022 (per Kg) | സപ്ലൈകോ വിലയും പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ |
|---|---|---|---|---|---|
| 1 | ചെറുപയർ | 74.00 | 103.50 | 29.50 | 28.50% |
| 2 | ഉഴുന്ന് ബോൾ | 66.00 | 115.00 | 49.00 | 42.61% |
| 3 | വൻകടല | 43.00 | 84.50 | 41.50 | 49.11% |
| 4 | വൻപയർ | 45.00 | 103.00 | 58.00 | 56.31% |
| 5 | തുവര പരിപ്പ് | 65.00 | 111.00 | 46.00 | 41.44% |
| 6 | മുളക് | 75.00 | 204.17 | 129.17 | 63.27% |
| 7 | മല്ലി | 79.00 | 127.83 | 48.83 | 38.20% |
| 8 | പഞ്ചസാര | 22.00 | 39.83 | 17.83 | 44.77% |
| 9 | വെളിച്ചെണ്ണ 1/2 ലിറ്റർ | 46.00 | 94.25 | 48.25 | 51.19% |
| 10 | ജയ അരി | 25.00 | 37.80 | 12.80 | 33.86% |
| 11 | കുറുവ അരി | 25.00 | 37.25 | 12.25 | 32.89% |
| 12 | മട്ട അരി | 24.00 | 39.17 | 15.17 | 38.73% |
| 13 | പച്ചരി | 23.00 | 31.00 | 8.00 | 25.81% |